# യോഹ 14: 1-18

ദ◌ൗഹാക്കാലത്തിലെ മൂന്നാമത്തെ ആഴ്ചയിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ഈ ആഴ്ചയിൽ രണ്ട് കാര്യങ്ങളാണ് പ്രധാനമായും വിചിന്തനത്തിനായി സഭ നൽകിയിരിക്കുന്നത്. (1) ശിഷ്യൻമാരുടെ പ്രത്യേകത; (2) ഐക്യത്തോടെ പ്രവ്രത്തിക്കേണ്ടതിനേക്കുറിച്ച്.

1. ആദ്യശിഷ്യൻമാർ: യഥാർത്ഥ രക്ഷകനെ ചൂണ്ടി കാണിക്കുന്ന സ്നാപക യോഹന്നാനെ അവതരിപ്പിച്ചുകൊണ്ടാണ് സുവിശേഷം ആരംഭിച്ചത്. മറ്റ് സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ യോഹന്നാന്റെ ശിഷ്യൻമാരാണ് ആദ്യത്തെ ക്രിസ്തുശിഷ്യർ. തന്റെ ശിഷ്യഗണം നഷ്ടപ്പെടുന്നതിൽ യാതൊരു സങ്കോചവും യോഹന്നാനില്ല. പിന്നെയോ യഥാർത്ഥ ദൈവത്തെ കാണിച്ച്കൊണ്ട് ശിഷ്യരെ ശരിയായ വെളിച്ചത്തിലേയ്ക്ക് നയിച്ച ചാരിതാർത്ഥർത്ഥ്യമാണ് സ്നാപക യോഹന്നാനുള്ളത്. തന്റെ അജഗണങ്ങളെ ഒരുമിച്ച് നിർത്താനായി പെടാപാടുപെടുന്ന ആധുനിക ലോകത്തിലെ നേതാക്കൻമാർക്ക് ഉത്തമ ഉദാഹരമണമായി എടുക്കാവുന്ന ശിഷ്യത്വമാണ് സ്നാപക യോഹന്നാന്റേത്. അതായത് നിത്യസത്യമായ ക്രിസ്തുവിലേയ്ക്ക് എത്തിക്കുന്ന നേതൃത്വം.

ക്രിസ്തു ശിഷ്യരാകാൻ വിളിക്കപ്പെട്ടവർ മൂന്ന് കാര്യങ്ങളിൽ ബോധ്യമുള്ളവരായിരിക്കണം. അതാണ് ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുക.

(1) ക്രിസ്തുവിന്റെ ചോദ്യം, നിങ്ങൾ എന്ത് അന്വേഷിക്കുന്നു.
(2) ശ്ഷ്യരുടെ മറുചോദ്യം, നീ എവിടെയാണ് വസിക്കുന്നത്.

(3) പ്രഘോഷണ ദ◌ൗത്യം.

ഈ മൂന്ന് കാര്യങ്ങളിലും ഓരോ ക്രിസ്താനിയും മറുപടി പറയാൻ കടപ്പെട്ടവരാണ്. ക്രിസ്തുനിൽ ഞാനെന്താണ് അന്വേഷിക്കുന്നത?◌ സമ്പത്തോ, ലോകസുഖങ്ങളോ, സുരക്ഷയോ, അപകടങ്ങളിൽ നിന്നും, രോഗത്തിൽ നിന്നുമുള്ള സംരക്ഷണമോ ആണോ ഞാൻ തേടുന്നത്? ഇവയാണെങ്കിൽ നിനക്ക് തെറ്റുപറ്റിയിരിക്കുന്നു. പിന്നെയോ ആത്മാവിന്റെ രക്ഷയ്ക്കും, സ്വർഗരാജ്യത്തിലുള്ള ജീവിതവും, നിത്യസമാധാനവുമാണ് നാം ക്രിസ്തുവിൽ നിന്ന് നേടിയെടുക്കേണ്ടത്.

നീ എവിടെയാണ് വസിക്കുന്നത് എന്ന ശിഷ്യൻമാരുടെ ചോദ്യത്തിൽ അവരുടെ വിശ്വാസത്തിന്റെ വളർച്ചയെ കാണാം. റബി - ഗുരു എന്നാണ് ഇവിടെ വിളിക്കുന്നതെങ്കിൽ ഈ വചനഭാഗത്തിന്റെ അവസാനത്തിൽ മിശിഹാ - ക്രിസ്തു - രക്ഷകനാണെന്ന് അവർ തിരിച്ചറിയുന്നുണ്ട്◌.

നീ എവിടെ വസിക്കുന്നു എന്ന ചോദ്യത്തിൽ നീ ആരാണ് എന്ന ആശങ്കയാണുള്ളത്. നീ ആരാണ് എന്നറിയാൻ നിന്റെ വീട് കണ്ടാൽ മതി. ഭവനത്തിൽ ഒരു ദിവസം താമസിക്കുക കൂടി ചെയ്താൽ ഭവനത്തിലുള്ളവർ തമ്മിലുള്ള സ്നേഹബന്ധം അവരുടെ പെരുമാറ്റം എല്ലാം വെളിവാകും. ഇവിടെ ശിഷ്യൻമാർ യേശുവിനോടൊത്ത് പോയി അവൻ വസിക്കുന്നിടം കാണുകയും അവനോടൊത്ത് വസിക്കുകയും ചെയ്തു. അപ്പോൾ അവർ യേശു 'ഗുരുവും രക്ഷകനുമാണെന്ന്' തിരിച്ചറിഞ്ഞു. ഓർക്കുക വീട് ഓരോരുത്തരെയും തിരിച്ചറിയാനുള്ള സ്ഥലമാണ്, മൂല്യങ്ങളോ, വിശ്വാസരാഹിത്യമോ, ആഡംബരമോ, അലസതയോ, നമ്മെ പിടികൂടിയിട്ടുണ്ടോ എന്നു നാം മനസ്സിലാക്കിയിരിക്കണം.

ഈശോയുടെ വീട് അന്വേഷിച്ച ശിഷ്യൻമാരോട് യേശു പറഞ്ഞ മറുപടി ഇപ്രകാരമാണ് 'വന്നു കാണുക'. ഇന്ന

സ്ഥലത്താണ് എന്നു പറഞ്ഞ് അവരുമായുള്ള സഹവാസം ഒഴിവാക്കാമായിരുന്നിട്ടും യേശു ഓരോരുത്തരെയും വന്ന് അനുഭവിച്ച് ജീവിക്കാനായി ക്ഷണിക്കുകയാണിവിടെ? ദൈവത്തെ കാണാൻ ദൈവഭവനത്തിൽ എത്തണം. ഞായറാഴ്ച പള്ളിയിൽ പോകാൻ പറയുന്ന ഭാര്യയോട് ഇവിടെ ഇരുന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കും എന്നു പറയുന്ന ഭർത്താക്കൻമാരുണ്ട്. പള്ളിയിൽ പോകുന്ന നേരത്ത് രണ്ട് വാഴ വെയ്ക്കു എന്നാണവർ പറയുന്ന ന്യായം, എന്നാൽ അവരുടെ വീട്ടിൽ ഒരു വാഴയും കാണുകയില്ല. ഒരു അദ്ധ്വാനവും ഉണ്ടാകാറില്ല. ഇത് വിശ്വാസമില്ലാത്തതിന്റെയോ, വിശ്വാസ ജീവിതത്തിൽ വളരാത്തതിന്റെയോ സൂചനയാണ്. ഭക്ഷണം കഴിക്കുന്നത് ടിവിയിലൂടെ കണ്ട് വിശപ്പടക്കാനാവില്ല, എന്നത് ഏവർക്കും അറിയാവുന്നതാണ്. ദൈവത്തെ അനുഭവിക്കാൻ ദൈവസന്നിധിയുമായി നാം നിരന്തരം ബന്ധത്തിലായിരിക്കണം.

ക്രിസ്തുവിനെ അനുഭവിച്ചവർക്കും ക്രിസ്താനികളായിത്തീർന്നവർക്കുമുള്ള ഉത്തരവാദിത്വമാണ് വചനത്തിന്റെ അവസാനഭാഗം വ്യക്തമാക്കുന്നത്. ക്രിസ്തു മിശിഹായായാണെന്ന് തിരച്ചറിഞ്ഞ അന്ത്രയോസ് സഹോദരനായ പത്രോസിനെ ക്രിസ്തുവിലേക്കെത്തിക്കുന്നു. വചന പ്രഘോഷണം നടത്തുന്നു. ശിമയോന്റെ പേര് മാറ്റി കേപ്പാ - പാറ എന്നർത്ഥമുള്ള പത്രോസായി ശിമയോനെ മാറ്റുന്നു. മാറ്റമില്ലാത്തതും, ഉറപ്പുള്ളതുമായ വിശ്വാസമാണ് ക്രിസ്തുവിൽ ഉണ്ടായിരിക്കുക. അതിനാൽ ഓരോ പാറക്കഷണങ്ങൾ ആയി ഓരോ ക്രിസ്തു വിശ്വാസിയും മാറേണ്ടിയിരിക്കുന്നു.

അവസാനമായി ഐക്യത്തെക്കുറിച്ചുള്ള ചിന്തയാണ് സഭ മുന്നോട്ട് വയ്ക്കുക. ജനുവരി 18 മുതൽ 25-ാം തീയതി വരെ സഭ ഐക്യവാരാചരണം എല്ലാ വർഷവും നടത്തുന്നു. സഭകൾ തമ്മിൽ ഒരുമയോടെ പ്രവർത്തിക്കാനും സഹകരണത്തോടെ ക്രിസ്തുവിനെ പ്രഘോഷിക്കാനുമുള്ള

ദൗത്യത്തെ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുകയാണ് ഈ ആചരണത്തിലൂടെ ലക്ഷ്യം വയ്ക്കുക.

അതിനാൽ ഓരോ ക്രിസ്തു ശിഷ്യനും എന്ത് അന്വേഷിക്കുന്നു എന്നും, ക്രിസ്തു വസിക്കുന്നതെവിടെയാണെന്നും, പ്രഘോഷണ ദൗത്യം ഓരോരുത്തർക്കും ഏല്പിക്കപ്പെട്ടതാണെന്നും മനസ്സിലാക്കിയിരിക്കാൻ ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

ബ്ര. ജോസഫ് കളമ്പുകാട്ട്

www.sundaypulpit.in